www.malankaralibrary.com

ഏപ്രിൽ
2022
ലക്കം 3

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



ഉയിർപ്പ് തിരുനാളിന്റെ ആശംസകൾ

www.malankaralibrary.com

# എഡിറ്റോറിയൽ



## പ്രത്യാശയുടെ ഉയിർപ്പ് തിരുന്നാൾ

ഉയിർപ്പ് തിരുന്നാൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നൽകുന്ന സന്ദേശം വളരെ വലുതാണ്. ജീവിതത്തിൽ എത്ര വലിയ പ്രയാസത്തിലൂടെ നാം കടന്നുപോയാലും മൂന്നാം ദിവസം നമുക്ക് പ്രത്യാശയുടെ ഒരു ഉയിർപ്പ് ഉണ്ടെന്ന് ഉത്ഥാന തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ദൈവം ലോകജനതയുടെ പാപപരിഹാരത്തിനു വേണ്ടി ക്രൂശിൽ മരിക്കുകയും, മൂന്നാം ദിവസം കല്ലറ വാതിൽ തുറന്ന് ഉയിർത്ത് എഴുന്നേൽക്കുകയും ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുകയും ചെയ്യുന്നു എന്ന വലിയ സന്ദേശം ഈസ്റ്റർ ലോകജനതയ്ക്ക് നൽകുന്നു.

കേവലം ഒരു ദിവസത്തിൽ ഒതുങ്ങുന്നതല്ല ഈസ്റ്ററിന്റെ ആചരണവും ആഘോഷവും. നീണ്ട അൻപത് നാൾ മത്സ്യവും മാംസവും ഉപേക്ഷിച്ചുള്ള കഠിന നോമ്പ്. മത്സ്യമാംസാദികളുടെ സ്വാദും മണവും പകരുന്ന പ്രലോഭനങ്ങളെ പലവട്ടം തോൽപ്പിച്ചാണു നോമ്പ് പൂർത്തിയാക്കുക.

ഓശാന ഞായറാഴ്ചത്തെ ജയ് വിളികളും പെസഹാ നാളിൽ ക്രിസ്തു വിശുദ്ധ കുർബാന സ്ഥാപിച്ചതും വെള്ളിയാഴ്ച പച്ചമരക്കുരിശിൽ പച്ചിരുമ്പാണികളാൽ ലോകജനതയുടെ പാപപരിഹാരത്തിനു വേണ്ടി അവൻ കുരിശിലേറിയതും ശനിയാഴ്ച അവൻ പാതാളത്തിൽ മരിച്ചവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നതും മരിച്ച് മൂന്നാം ദിവസം വലിയൊരു പ്രത്യാശയുടെ ഉയർത്തെഴുന്നേൽപ്പ് നമ്മിലേക്ക് നൽകുവാനായിരുന്നു.

ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന ദൈവകുമാരൻ, കാൽവരി മലയുടെ മുകളിൽ യാഗമായിത്തീർന്ന്, മരണത്തെ ജയിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതിന്റെ ഓർമ്മത്തിരുന്നാൾ.

ഏവർക്കും ഉത്ഥാന തിരുനാളിന്റെ മംഗളങ്ങൾ....

സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ.



www.malankaralibrary.com

# Presidential Desk



പ്രിയ സഹയാത്രികരെ,

ക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസ ജീവിതത്തിന് മാറ്റുകൂട്ടിയ പ്രതീക്ഷയുടെ ആഘോഷമായിരുന്നു കർത്താവീശോമിശിഹായുടെ ഉയിർപ്പ്. ലോകത്തിനു മുഴുവൻ സമാധാനത്തിന്റെ സന്ദേശവും പ്രത്യാശയുടെ സ്നേഹവും വിതറിക്കൊണ്ട് യേശുക്രിസ്തു തന്റെ പരസ്യ ജീവിതകാലം അവസാനിപ്പിക്കുമ്പോൾ, താൻ തന്റെ മരണം ശേഷം നമ്മോടൊപ്പമുണ്ട് എന്ന വിശ്വാസം നമ്മേ വിശ്വാസത്തിലും പ്രത്യാശയിലും ആഴപ്പെടുത്തുകയായിരുന്നു. യുവജനങ്ങൾ സഹയാത്രികരായി സഭയോടൊത്തു സഞ്ചരിക്കുമ്പോൾ ഈ പ്രത്യാശയും, കർത്താവീശോമിശിഹാ ലോകത്തിനു നൽകിയ സ്നേഹവും സമാധാനവുമാണ് യുവജനങ്ങളിൽ നിന്ന് സഭ പ്രതീക്ഷിക്കുന്നത്. അമ്പത് നോമ്പിന്റെ നാളുകളിൽ നടത്തിയ നോമ്പും പ്രാർത്ഥനയും അനുഷ്ഠാനങ്ങളും ഈ യാത്രയ്ക്ക് ഏറെ ശക്തി പകർന്നിട്ടുണ്ട് എന്ന് നമുക്ക് വിശ്വസിക്കാം. പ്രതീക്ഷയുടെ പുതുനാമ്പുകൾ നൽകിയ ഉയിർപ്പ് തിരുനാൾ നമുക്ക് പ്രചോദനം നൽകിയത് യേശു തമ്പുരാനോട് ചേർന്ന് ആ സ്നേഹവും കരുണയും മാനവകുലത്തിനു നല്കാനുള്ള ധൈര്യമാണ്. അതിനാൽ തന്നെ ആ ഉത്തരവാദിത്തം നിർവഹിക്കാൻ നമുക്ക് കഴിയണം. അതിനായി ഈ നാളുകൾ നമ്മെത്തന്നെ ഒരുക്കാം എന്ന് പ്രാർത്ഥിക്കുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്



www.malankaralibrary.com





**Anto Robin**
Diocese of Marthandom

## எனது இளமை திருச்சபையின் வளமை

இறை இயேசுவின் திருப்பாடுகளையும் உயிர்ப்பினையும் சில வாரங்களுக்கு முன்பு நினைவு கூர்ந்தோம். பெருந்தொற்று காலத்தில் உலகளாவிய சபையில் ஏற்பட்ட ஆன்மீக தளர்வினை மாற்றிக் கொண்டு மீண்டும் ஆலயங்கள் இறையருளால் இறை மக்களால் நிரம்பப் பெற்றதை கண்கூடக் கண்டோம். அதிலும் குறிப்பாக இளையோர்கள் . . .

### இளமையின் தேடல்

கடந்த சில வருடம் நம்மைப் போன்ற இளைஞர்களை பொறுத்தவரையில், வாழ்வில் நம்மை பற்றி இன்னும் ஆழமாக அறிய நமக்கு முடிந்தது. கிடைக்கப்பெற்ற தனிமை தருணங்கள் பெருவாரியான இளையோர்களை எதிர்மறையான வாழ்வுக்கு அழைத்துச் சென்றது. சமூக ஊடகங்கள் சிறிது பாலை தந்தாலும் பெரும்பான்மையாக விஷத்தை வெளிவிடுகிறது என்பதையும் நாம் உணர்ந்தோம். அதிலும் ஊடகத்தின் தாக்கம் ஆன்மீக ரீதியில் இளையோர்களை தளர்வடையச் செய்தது என்பது மறுக்கமுடியாத ஒரு உண்மை.

www.malankaralibrary.com

இளமைப் பருவம் என்பது தேடலின் காலகட்டம். அறிவு ரீதியாகவும் உடல் ரீதியாகவும் வாழ்வில் அடுத்த கட்டத்தை நோக்கிய ஒரு பயணம் . இறை நம்பிக்கையை ஆழப்படுத்த வேண்டிய தருணமும் கூட . தகுந்த பாதையை தேர்வு செய்யாவிட்டால் எதிர்காலம் எதிர்நோக்கு இல்லாமல் எப்போதும் எதிர்மறை சிந்தனைகளோடு வாழ வேண்டிய நிலை உருவாகும்.

## பொறுப்பை உணர்தல்

இவ்வாண்டைய இளையோர் இயக்க மையக் கருத்தாகிய இளையோர்-சக புனிதப்பயணி (Youth the co-pilgrims) என்னும் கருத்து இளைஞர்களாகிய நமக்கான ஒரு அழைப்பு. பொறுப்பை உணர்ந்து நாம் செயல்பட வேண்டிய ஒரு காலகட்டமும் கூட . பல வேளைகளில் திருச்சபை நம்மை " நாளைய சபையின் தூண்கள்" என்று அழைத்தது. ஆனால் தற்போது நம்மை உடன் பயணிக்க அழைக்கிறது. நமது ஆற்றல் சபைக்கு இன்று தேவைப்படுகிறது. நாம் நம் உலகமயமான வாழ்வில் இருந்து விடுவித்துக்கொண்டு சபைக்காக வாழக் கடமைப்பட்டவர்கள்.

இணையப் பயன்பாடு மிகுந்த காலகட்டத்தில் திருச்சபையை உயர்த்திப் பிடிக்க இளையோரின் கரம் திருச்சபை தேவைப்படுகிறது. இணைய உலகில் நடைபெறும் மதவெறி தாக்குதல், தவறான பரப்புரை, சபையினரின் விசுவாச வாழ்வை கேலி செய்தல் போன்றவை சமூக காலங்களில் அதிகரித்து காணப்படுகிறது இவை பல வேளைகளில் மக்களிடையே கலகத்தையும் , மனவருத்தத்தையும் அதிகரிக்க செய்கிறது. எனவே இவற்றை தகுந்த முறையில் எதிர்கொள்ள இளைஞர்களாகிய நாம் முன்வருவோம்.

## திருச்சபையை வளமாக்குவோம்

ஆயிரக்கணக்கான மைல்கள் நடந்து சென்று வளர்த்திய சபையில், இன்று இணையத்தின் உதவியோடு விரல் நுனியில் நற்செய்தி பரப்பவும், சபைக்கு எதிரான தாக்குதல்களை எதிர்கொள்ளவும் முடியும். இளையோர்கள் நாம் கிடைக்கப்பெற்ற அறிவினைப் சபைக்காக பயன்படுத்தி அதை பராமரிக்க உறுதுணை கொள்வோம். நமது இளமை, சபைக்கு வளம் ஆகட்டும்.



www.malankaralibrary.com




# പ്രത്യാശയുടെ ഈസ്റ്റർ

**ജിതിൻ ഷാജി**
പ്രസിഡന്റ്
മാവേലിക്കര ഭദ്രാസനം

ജീവിതവഴിത്താരയിൽ തിരുമുറിവുകൾ സമ്മാനിച്ച ശത്രുക്കളോടും തന്നെ പീഡിപ്പിച്ചവരോടും ക്ഷമിച്ച, ത്യാഗത്തിന്റെയും നന്മയുടെയും ഓർമ്മപ്പെടുത്തലാണ് ഓരോ ഈസ്റ്റർ ദിനവും. ക്രൂശിതവേളയിലെ പീഡാനുഭവങ്ങൾ മാനവജനതയ്ക്കായി ഏറ്റെടുത്ത്, തന്റെ നിണച്ചാർത്തിനാൽ ക്രിസ്തുരചിച്ചതായ നന്മയുടെ ഗാഥകളെ, അൻപത് ദിവസത്തെ നോമ്പിൽ സ്ഫുടം ചെയ്തെടുത്ത ചൈതന്യവുമായി നമുക്ക് ഓർത്തെടുക്കാം. ദുഷ്ടതയുടെ പര്യായമായി കണ്ടിരുന്ന കുരിശിനെപ്പോലും രക്ഷയുടെ അടയാളമാക്കിമാറ്റിയ ഈസ്റ്റർ ദിനം ഒരുപാട് ചിന്തകൾ നമുക്ക് പകർന്നു നൽകുന്നുണ്ട്.

തിന്മയിലൂടെയും അസത്യത്തിലൂടെയുമുള്ള യാത്രകൾ താൽക്കാലികമാണെന്നും സത്യത്തെ മാത്രം ആശ്ലേഷിച്ചു കൊണ്ടുള്ള ജീവിതയാത്രയിൽ ലഭിക്കുന്ന സഹനങ്ങളും കുരിശുകളും അനശ്വരമായ സന്തോഷവും സമാധാനവും നേടിത്തരും എന്നതാണ് ഈസ്റ്റർ നമുക്ക് മുന്നിൽ അവതരിപ്പിക്കുന്ന ലളിതമായ ഒരു സത്യം. മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും തെറ്റൊന്നും ചെയ്യാത്തവനായിരുന്നു ക്രിസ്തു. ദരിദ്രരെ സുവിശേഷം അറിയിച്ചവൻ, ബന്ധിതർക്ക് മോചനമേകിയവൻ, അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നൽകിയവൻ. എന്നിട്ടും ഭരണകൂടവും പ്രമാണികളും അവന് എതിരായിരുന്നു. അവർ അവന് നൽകിയത്

www.malankaralibrary.com



നിന്ദ്യവും നീചവുമായ കുരിശുമരണം. തിന്മയും അസത്യവും ജയിച്ചുവെന്ന് ഏവരും കരുതിയ നിമിഷം. പക്ഷെ മൂന്നാം ദിനം അവൻ ഉത്ഥാനം ചെയ്തു. അതെ, തിന്മയ്ക്ക് ഉള്ളത് താൽക്കാലിക ജയം മാത്രം. അവസാന വിജയം അത് നന്മയുടെയും സത്യത്തിന്റെയും മാത്രമായിരിക്കും.

പാപത്തിന്റെയും മരണത്തിന്റെയും പിശാചിന്റെയും മേൽ അധികാരം പ്രഖ്യാപിച്ചുകൊണ്ട് വിജയശ്രീലാളിതനായി അവിടുന്ന് ഉത്ഥാനം ചെയ്തു. ഈ ലോകത്തിലെ സഹനത്തിന്, മരണത്തിന്, വേദനയ്ക്ക്, നാശത്തിന്, തിരസ്കരണത്തിന്, അന്ധകാരശക്തികൾക്ക് ഒക്കെയും നൈമിഷികമായ ആയുസ്സേയുള്ളൂവെന്നും മൂന്നാം ദിവസം ഉത്ഥാനം ചെയ്ത യേശു നമുക്ക് വ്യക്തമാക്കിത്തരുന്നു. ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ (മത്തായി 10:28) എന്നും തിരുവചനത്തിലൂടെ നമ്മെ അവിടുന്ന് പഠിപ്പിക്കുന്നു.

ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ആദ്യ പ്രവർത്തി തന്റെ പ്രിയപ്പെട്ടവർക്ക് തന്നെത്തന്നെ പ്രത്യക്ഷപ്പെടുത്തി എന്നതാണ്. "അവൻ കേപ്പായ്ക്കും പിന്നീടു പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി. അതിനു ശേഷം ഒരുമിച്ച് അഞ്ഞൂറിലധികം സഹോദരർക്കു പ്രത്യക്ഷനായി. അവരിൽ ഏതാനുംപേർ മരിച്ചു പോയി. മിക്കവരും ഇന്നും ജീവിച്ചിരിപ്പുണ്ട്. പിന്നീട് അവൻ യാക്കോബിനും തുടർന്ന് മറ്റെല്ലാ അപ്പസ്തോലൻമാർക്കും കാണപ്പെട്ടു. ഏറ്റവും ഒടുവിൽ അകാലജാതന് എന്നതുപോലെ എനിക്കും അവിടുന്നു പ്രത്യക്ഷനായി" (1 കോറിന്തോസ് 15 : 5-8). തന്നോട് ഒപ്പമായിരുന്നവരെ, കൂടെനടന്നവരെ ചേർത്തുനിർത്തുവാനാണ് ഉത്ഥിതനായ ക്രിസ്തു ആദ്യം തന്നെ ശ്രമിച്ചത്. അവൻ അവരുടെ അറിവില്ലായ്മയെ തിരുത്തി, നിരാശയിൽ അകപ്പെട്ടവരെ പ്രത്യാശാഭരിതരാക്കി, വിശ്വാസക്കുറവുള്ളവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തി, ദുഃഖിതരായവർക്ക് ആശ്വാസമേകി, അനിശ്ചിതത്വത്തിലായവരെ ശക്തരാക്കി, തീരുമാനമെടുക്കാൻ സാധിക്കാതിരുന്നവരെ നിശ്ചയദാർഢ്യമുള്ളവരാക്കി.

പ്രത്യാശാഭരിതമായ ഉത്ഥാനതിരുനാളിന്റെ പുലർച്ചയ്ക്കു പിന്നിൽ നട്ടുച്ചയ്ക്ക് സൂര്യൻ ഇരുണ്ടുപോയ ദുഃഖവെള്ളിയുടെ ഒരു മധ്യാഹ്നമുണ്ട്. പക്ഷേ മനുഷ്യപുത്രൻ മരണത്തിന്റെ മേൽ വിജയം വരിച്ചു ഉയർത്തെഴുന്നേറ്റത്തിന്റെ അലയടികൾ ഉയരുന്ന ഈസ്റ്റർ ദിനത്തിന്റെ ആരവങ്ങൾക്കിടയിൽ "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ ഉപേക്ഷിച്ചത് എന്തുകൊണ്ട്?" എന്ന് ഉറക്കെ നിലവിളിച്ചു കടന്നുപോയ ദുഃഖവെള്ളിയുടെ ഉൾക്കിടിലങ്ങളെ നാം പലപ്പോഴും മറന്നുപോകുന്നു. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടി ദൂരെയെറിഞ്ഞ്, പാപത്തെ സംബന്ധിച്ച് മരിച്ചവരായി, ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ നമുക്കും പങ്കുചേരാം. യേശുവിന്റെ ഉയിർപ്പ് തിരുനാൾ വളരെ പ്രതീക്ഷയോടെ ലോകജനത ആഘോഷിക്കുമ്പോൾ, കോവിഡ് 19 മഹാമാരിയിൽ നിന്നും യുദ്ധവും മറ്റും സൃഷ്ടിച്ച അരക്ഷിതാവസ്ഥയിൽ നിന്നും കൂടിയുള്ള ഒരു ഉയർത്തെഴുന്നേൽപ്പായി ത്തീരട്ടെ.



www.malankaralibrary.com



# ഉയിർപ്പിന് ശേഷം...

**അജോഷ് എം. തോമസ്**
പ്രസിഡന്റ്
പത്തനംതിട്ട ഭദ്രാസനം

അക്കാലത്ത് സകല ജനത്തിനും പ്രതീക്ഷ നൽകുന്ന ഒന്നായിരുന്നു, തങ്ങൾ രാജാവെന്ന് കരുതിയ യേശുവിന്റെ വരവ്. എന്നാൽ അവന്റെ മരണത്തോടെ പലരും പ്രതീക്ഷ നശിച്ചവരായി കാണുന്നുണ്ട്. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ പഴയ ജോലിയിലേക്ക് തിരികെ പോകുന്നു. എല്ലാവരും പലവഴിക്കു പോകുന്നതായും സകല സമൃദ്ധിയുടെയും ഉറവിടമായ ജറുസലേമിനെ ഉപേക്ഷിച്ച് എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരെ ബൈബിളിൽ കാണുന്നുണ്ട്. അവരോടൊപ്പം യേശുവും കൂടെ കൂടുന്നതായി കാണാം. നാളിതുവരെ തങ്ങൾ ഗുരുവായി കണ്ടവൻ കൂടെ നടന്നപ്പോൾ പോലും അവനെ തിരിച്ചറിയാൻ ശിഷ്യൻമാർക്ക് സാധിക്കാതെ പോകുന്നതായി കാണാം. ലോകകാര്യങ്ങളെ പറ്റിയും ആ നാട്ടിൽ നടന്നതിനെ പറ്റിയും ഒക്കെ വാതോരാതെ സംസാരിക്കുമ്പോഴും ഹൃദയം ജ്വലിപ്പിക്കും വിധം ആ നേരം അവരോട് സംസാരിച്ചവനെ ശിഷ്യർക്ക് തിരിച്ചറിയാൻ കഴിയാതെ പോകുന്നുണ്ട്. ഇന്നത്തെ ലോകത്തിന്റെ ഒരു നേർക്കാഴ്ച ചിത്രമായി ഇതിനെ കാണാം. തങ്ങൾ പ്രതീക്ഷ വച്ചത് ഒക്കെയും നിമിഷനേരത്തേക്ക് മാത്രമായി മാറിപോകുമ്പോൾ നിരാശ ബാധിച്ചു സമൃദ്ധിയുടെ ദേശം ഉപേക്ഷിക്കുന്നവരെ.

ദീർഘദൂരം കൂടെ സഞ്ചരിച്ചവന്റെ മുഖത്തേക്ക് ഒന്നു നോക്കാൻ കഴിയാത്തവന്റെ അവസ്ഥ. തന്നിലേക്ക് മാത്രമായി ചുരുങ്ങിക്കഴിയുമ്പോൾ ഒരുപക്ഷെ മറ്റുള്ളവനെ ഒന്ന് കാണുവാനോ അവന്റെ മുഖത്തേയ്ക്ക് ഒന്ന് നോക്കുവനോ കഴിയാത്ത അവസ്ഥ.

എമ്മാവൂസിലേക്ക് പോയവരുടെ കൂടെ കഴിയുന്ന ഈശോ അവർക്ക് അപ്പം മുറിച്ചു നൽകുമ്പോൾ ശിഷ്യരുടെ കണ്ണുകൾ അവനെ മനസ്സിലാക്കും വിധം തുറക്കുന്നതായി കാണാം എന്നാൽ അപ്പോഴേക്കും അവരിൽ നിന്ന് മറയുകയാണ്. ഇന്ന് നമ്മുടെ സമൂഹത്തിൽ നമുക്ക് നല്ലത് പറഞ്ഞു തരാൻ ധാരാളം ആൾക്കാർ കാണും. വൈദികർ, സന്ന്യസ്തർ, പിതാക്കന്മാർ തുടങ്ങി ധാരാളം ആൾക്കാർ കാണും. എന്നാൽ അവർ പറഞ്ഞു തരുന്ന സമയത്ത് ചിലപ്പോൾ ഹൃദയം അതിനെ സ്വീകരിക്കണമെന്നില്ല. എന്നാൽ കുറച്ച് നാൾ കഴിഞ്ഞ് സത്യങ്ങൾ മനസ്സിലാക്കുമ്പോൾ നമുക്ക് നന്മ പറഞ്ഞു നൽകിയവർ നമ്മളിൽ നിന്നു മറഞ്ഞിരിക്കും. മറ്റുള്ളവരെ കാണുവാൻ അവരെ മനസ്സിലാക്കുവാൻ, ശ്രവിക്കുവാൻ നമ്മുടെ ഹൃദയങ്ങളെ തുറക്കട്ടെ എന്ന് പ്രത്യാശിക്കാം. അങ്ങനെ ഉള്ളതാകട്ടെ ഉയിർപ്പിന് ശേഷമുള്ള ദിനങ്ങൾ അതിനായി നമുക്ക് പ്രത്യാശയോടെ കാത്തിരിക്കാം.

www.malankaralibrary.com

# വാർത്തകൾ

## സഭാതലസമിതി

### ശ്രീ. ജോസ് മനക്കത്തോട്ടം അനുസ്മരണം




എം.സി.വൈ.എം. സഭാതല സമിതിയുടെ മുൻ പ്രസിഡന്റ് (1996-97 ) ശ്രീ. ജോസ് മനക്കത്തോട്ടം സാറിന്റെ ഓർമ്മകൾക്ക് മുമ്പിൻ പ്രണാമം അർപ്പിച്ച് കൊണ്ട് സഭാതല സമിതിയുടെ നേതൃത്വത്തിൽ അനുസ്മരണം നടത്തി. ബത്തേരി ഭദ്രാസനത്തിലെ സഭാതല സിൻഡിക്കേറ്റും സഭാതല സെക്രട്ടറിയുമായിരിക്കുന്ന റോബിൻ ജോസഫ്, അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകളെയും ജീവിത വഴികളെയും അനുസ്മരിച്ച് സംസാരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥനയും നടത്തി. സഭാതല ഭാരവാഹികളും വിവിധ ഭദ്രാസന പ്രതിനിധികളും പങ്കെടുത്തു.

### വി. കുരിശിന്റെ വഴി



വലിയ നോമ്പിന്റെ പുണ്യദിനങ്ങളിൽ ക്രിസ്തുവിന്റെ പീഡാസഹനങ്ങളോട് പങ്കുചേരുവാൻ, വി. കുരിശിനെ പിൻപറ്റി ക്രിസ്തു നടന്ന് നീങ്ങിയ പാതകളിൽ അവന്റെ സഹയാത്രികരാകുവാൻ, സഭാതല സമിതിയുടെ നേതൃത്വത്തിൽ 2022 ഏപ്രിൽ 2-ാം തീയതി വൈകുന്നേരം 5 മണി മുതൽ തിരുവനന്തപുരം സെന്റ്ജോൺ പോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് വി. കുരിശിന്റെ വഴി നടത്തി.


### Tanio 2022



സഭാതല സമിതിയുടെ നേതൃത്വത്തിൽ 'യുവജനങ്ങൾ സഹയാത്രികർ' എന്ന വിഷയം യുവജനങ്ങൾക്കിടയിൽ കൂടുതൽ ആഴത്തിൽ എത്തിക്കുവാൻ എല്ലാ ഭദ്രാസനങ്ങളിലും നിന്നും തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങളെ ചേർത്ത് 2022 ഏപ്രിൽ 3-ാം തീയതി രാവിലെ 9 മണി മുതൽ തിരുവനന്തപുരം, പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് റിസോഴ്സ് ടീം ട്രെയിനിങ് സംഘടിപ്പിച്ചു.

രാവിലെ പരിശുദ്ധ കുർബാനയോടുകൂടി ട്രെയിനിങ് സെഷൻ ആരംഭിച്ചു. വി. കുർബാനയ്ക്ക് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പൊലീത്ത മുഖ്യകാർമികത്വം വഹിച്ചു.

സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട റിസോഴ്സ് ടീം ട്രെയിനിംഗിന്റെ ആദ്യത്തെ



സെഷൻ എം.സി.വൈ.എം. പ്രസ്ഥാനവും ഭരണഘടനയും എന്നുള്ളതായിരുന്നു. എം.സി.വൈ.എം. സഭാതല സമിതിയുടെ മുൻ ഡയറക്ടറും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രൊക്യുറേറ്ററുമായിരിക്കുന്ന ബഹു ഫാ. തോമസ് കയ്യാലയ്ക്കൽ ക്ലാസിന് നേതൃത്വം നൽകി.




സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട റിസോഴ്സ് ടീം ട്രെയിനിംഗിന്റെ രണ്ടാമത്തെ സെഷൻ പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ തീം 'യുവജനങ്ങൾ സഹയാത്രികർ' എന്നുള്ളതായിരുന്നു. എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന ഡയറക്ടർ ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് ക്ലാസിന് നേതൃത്വം നൽകി. ഈ വർഷത്തെ തീം എഴുതി തയ്യാറാക്കുകയും സഭാതല സമിതിക്കുവേണ്ടി അവതരിപ്പിക്കുകയും ചെയ്ത ബഹു. പ്രഭീഷ് അച്ചനെ മെമെന്റോ നൽകി സഭാതല സമിതി ആദരിക്കുകയും ചെയ്തു.




### അഭിനന്ദനങ്ങൾ

ഏറ്റവും ചെറിയ ഇന്ത്യൻ മാപ്പ് എംബ്രോയ്ഡറി വർക്കിൽ ചെയ്തുകൊണ്ട് ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ച മാവേലിക്കര ഭദ്രാസനത്തിലെ എം.സി.വൈ.എം. ശൂരനാട് യൂണിറ്റ് അംഗം സ്നേഹ കുഞ്ഞുമോന് അഭിനന്ദനങ്ങൾ... ആശംസകൾ..




മഹാത്മഗാന്ധി സർവ്വകലാശാല Bcom.LLB (Hons) പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ, എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിലെ റാന്നി മേഖല, തൃക്കോമല യൂണിറ്റ് അംഗം, ഒലിവിയ സാറ തോമസിന് അഭിനന്ദനങ്ങൾ..ആശംസകൾ..



www.malankaralibrary.com

# വാർത്തകൾ

## ബത്തേരി ഭദ്രാസനം

### കുരിശിന്റെ വഴി



നമ്മുടെ കർത്താവിന്റെ പീഡനുഭവങ്ങളെ ധ്യാനിച്ചുകൊണ്ട് എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കൽപ്പറ്റ മേഖലയുടെ ആതിഥേയത്വത്തിൽ 2022 ഏപ്രിൽ 9-ാം തീയതി ശനിയാഴ്ച ചീങ്ങേരി യൂണിറ്റിൽ മേപ്പേരിക്കുന്ന് കുരിശടിയിൽ വച്ച് കുരിശിന്റെ വഴി നടത്തി. എം.സി.വൈ.എം. ബത്തേരി ഭദ്രാസന ഡയറക്ടറും മേഖല ഡയറക്ടറുമായ ഫാ. ഫിലിപ്പ് മുടംപള്ളികുഴിയിൽ പ്രാരംഭ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഭദ്രാസന പ്രസിഡന്റ് ഡിൽജു മാത്യു, കൽപ്പറ്റ മേഖല പ്രസിഡന്റ് മോണിക്ക ജോസഫ്, ചീങ്ങേരി യൂണിറ്റ് പ്രസിഡന്റ് ജെസ്വിൻ സേവ്യർ, സഭാതല എം.സി.വൈ.എം. സെക്രട്ടറി റോബിൻ ജോസഫ്, ഭദ്രാസന ആനിമേറ്റർ സി. ശാലീന മാത്യു ഡി.എം., മേഖല ആനിമേറ്റർ സി. ജെയിൻ ഫ്രാൻസിസ് ഡി.എം., മേഖല, യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭദ്രാസന മേഖല, യൂണിറ്റ് ഭാരവാഹികളും യുവജന സുഹൃത്തുക്കളും പങ്കെടുത്ത പരിപാടിയിൽ ഭദ്രാസന ജനറൽ സെക്രട്ടറി ക്രിസ്റ്റി വർഗീസ് സ്വാഗതവും ഭദ്രാസന ട്രഷറർ ഡെറിൻ ജോർജ്ജ് നന്ദിയും അറിയിച്ചു. കൊളഗപ്പാറ മലയിൽ സമാപിച്ച കുരിശിന്റെ വഴിക്ക് ഫാ. മാത്യു പാലക്കപ്രായിൽ പീഡാനുഭവസന്ദേശം നൽകി.

### കർമ്മവീഥി പ്രകാശനം

എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ 2022 വർഷത്തെ കർമ്മവീഥി HODOS 2022 ബത്തേരി ധർമ്മപീഠം അരമനയിൽ വച്ച് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവ്



ഭദ്രാസന പ്രസിഡന്റ് ഡിൽജു മാത്യുവിന് നൽകി പ്രകാശനം ചെയ്തു. ഭദ്രാസന ഡയറക്ടർ ഫാ. ഫിലിപ്പ് മുടമ്പള്ളികുഴിയിൽ ജനറൽ സെക്രട്ടറി ക്രിസ്റ്റി വർഗീസ്, ട്രഷറർ ഡെറിൻ ജോർജ്, ആനിമേറ്റർ സി. ശാലീന മാത്യു ഡി.എം., സഭാതല സെക്രട്ടറി റോബിൻ ജോസഫ്, വൈസ് പ്രസിഡന്റുമാരായ ലിനറ്റ് വർഗീസ്, ഏബൽ ജോപോൾ, സെക്രട്ടറി അഞ്ചിത റെജി, ജോയിൻ സെക്രട്ടറിമാരായ ജിജോ ജോർജ്, ധന്യ ക്രിസ്തുദാസ്, കെ.സി.വൈ.എം. സിൻഡിക്കേറ്റ് അംഗം ജിബി ഏലിയാസ്, നിജു ആൻഡ്രൂസ് എന്നിവർ സന്നിഹിതരായിരുന്നു.

### METANOIA - A Spiritual Conversion




രക്ഷാകരമായ അനുഭവം സ്വീകരിക്കാനുള്ള ഒരുക്കമായി മിശിഹായുടെ പീഡാനുഭവങ്ങളോട് ചേർന്ന് 50 പുണ്യങ്ങളെ ജീവിതത്തോട് ചേർത്തുപിടിച്ചുകൊണ്ട് ബത്തേരി ഭദ്രാസന എം.സി.വൈ.എം *Metanoia* നോമ്പിന്റെ നോവിൽ ക്രൂശിതന്റെ പിന്നാലെ വീഡിയോ ഡോക്യുമെന്ററി പുറത്തിറക്കി. 50 ദിവസം നീണ്ടുനിന്ന പരിപാടി ഫെബ്രുവരി മാസം 28 ന് ആരംഭിച്ചു എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക് പേജുകൾ വഴി അപ്ലോഡ് ചെയ്യുകയും ഏപ്രിൽ 17 ന് ഉയിർപ്പ്ദിന സന്ദേശത്തോടെ അവസാനിക്കുകയും ചെയ്തു. വിവിധ മേഖലകളിൽ നിന്നുള്ള യുവജനങ്ങൾ അൻപത് പുണ്യങ്ങളെ കുറിച്ച് സംസാരിച്ചു.

www.malankaralibrary.com

# വാർത്തകൾ

## മാവേലിക്കര ഭദ്രാസനം

### കുരിശിന്റെ വഴി



വിശുദ്ധിയുടെ നോമ്പുകാലം ക്രൂശിതന്റെ കൂടെ ആയിരിക്കാൻ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ഓരോ വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ മാർച്ച് മാസം 13, 19, 20, 26 ഏപ്രിൽ മാസം 2, 9 തീയതികളിൽ നോമ്പുകാല കോർണർ പ്രാർത്ഥന നടത്തി. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴിയും തുടർന്ന് വചന ശുശ്രൂഷയും ആരാധനയും നടത്തി. നോമ്പുകാല കോർണർ പ്രാർത്ഥനകൾക്ക് എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത്, എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്ത്, തിരുവനന്തപുരം വിശ്വാസ പരിശീലന കാര്യാലയ ഡയറക്ടർ റവ. ഫാ. ജോൺസൺ പുതുപറമ്പിൽ, റവ. ഫാ. മാത്യു മരോട്ടിമൂട്ടിൽ എന്നിവർ നേതൃത്വം നൽകി. നോവുള്ള സ്നേഹമാണ് നോമ്പെന്ന് കാട്ടിത്തന്ന അനുഭവിച്ചറിഞ്ഞ നിമിഷങ്ങളയിരുന്നു ഓരോ നോമ്പുകാല കോർണർ പ്രാർത്ഥനയും.

## പാറശ്ശാല ഭദ്രാസനം



### അസ്സീസിയൻ കാൽവരി

പീഡാനുഭവ ആഴ്ചയിൽ നമ്മുടെ കർത്താവിന്റെ കുരിശുയാത്രയുടെ പുണ്യം ആവാഹിക്കാൻ പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങൾ പ്രതികൂല കാലാവസ്ഥയിലും കാൽവരി യാത്രയിൽ അണിനിരന്നു. 2022 ഏപ്രിൽ 10 ന് നടന്ന കുരിശിന്റെ വഴിയിൽ യുവജനങ്ങൾ പ്രാർത്ഥനാപൂർവ്വം നീരാഴിക്കോണം കുരിശുമല കയറി.

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടന്ന കുരിശുമല കയറ്റത്തിന് ആതിഥേയത്വം വഹിച്ച ചെമ്പൂര് വൈദിക ജില്ലയ്ക്കും ക്രമീകരണങ്ങൾ ചെയ്ത നീരാഴിക്കോണം യൂണിറ്റിനും ബഹു. ജോസഫ് മേക്കുംകര അച്ചനും ആമുഖമായി വചനസന്ദേശം നൽകിയ ബഹു. ജോൺ ഐക്കര അച്ചനും പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.